# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിറവന്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P9/1758/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P9/1758/2023 തീയ്യതി: 31/10/2023

## കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-09-2022 മുതൽ 19-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.സിജാറാണി എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ വി.ഡി , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജയകുമാരിഅമ്മ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആർ. ജയൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ഈശ്വർദാസ് ഇ | സെക്രട്ടറി | 01-04-2022 | 25-01-2023 |
| ശ്രീ. ശ്രീകുമാർ ജി | സെക്രട്ടറി | 26-01-2023 | 12-02-2023 |
| ശ്രീ.പ്രദീപ് എസ് | സെക്രട്ടറി | 13-02-2023 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീകുമാർ ജി. | അസി.സെക്രട്ടറി | 01-04-2022 | 01-12-2022 |
| ശ്രീമതി ഒ.കോമളവല്ലി | അസി.സെക്രട്ടറി | 02-12-2022 | 16-01-2023 |
| ശ്രീ. ശ്രീകുമാർ ജി. | അസി.സെക്രട്ടറി | 17-01-2023 | 15-02-2023 |
| ശ്രീ.ഷാനവാസ് ബി | അസി.സെക്രട്ടറി | 16-02-2023 | 31-03-2023 |
| ശ്രീമതി സൂര്യ എസ് നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 03-08-2022 |
| ശ്രീമതി ആശ വൈ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 04-08-2022 | 06-09-2022 |

| | | | |
|---|---|---|---|
| ശ്രീമതി സൂര്യ എസ് നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-09-2022 | 28-09-2022 |
| ശ്രീ.അരുൺചന്ദ് എം വി | അസിസ്റ്റന്റ് എഞ്ചിനീയർ | 29-09-2022 | 16-11-2022 |
| ശ്രീ.പ്രമോദ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-11-2022 | 08-12-2022 |
| ശ്രീമതി രമ്യ സത്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 09-12-2022 | 31-03-2023 |
| ശ്രീമതി സൗമ്യ ബി നായർ | കൃഷി ഓഫീസർ | 01-04-2022 | 05-08-2022 |
| ശ്രീമതി അംജദ ഹബീബ് | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ഡോ. അലോഷ്യസ് .പി | വെറ്റിനറി സർജൻ | 01-04-2022 | 27-12-2022 |
| ഡോ.അനസ് എ | വെറ്റിനറി സർജൻ | 28-12-2022 | 30-01-2023 |
| ഡോ.വിജി ആർ | വെറ്റിനറി സർജൻ | 31-01-2023 | 31-03-2023 |
| ശ്രീ.ജനാർദ്ദനൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ബാബു ശാമുവേൽ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജന റ്റി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. സന്ധ്യ സുധാകർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 28-04-2022 |
| ഡോ.ബാബുലാൽ ജി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 29-04-2022 | 12-06-2022 |
| ഡോ.കാർത്തി പി കുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 13-06-2022 | 31-03-2023 |
| ഡോ.സുറുമി സലാഹുദ്ദീൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. രതീഷ് ആർ | വി.ഇ.ഒ | 20-09-2022 | 19-07-2023 |
| ശ്രീ. ഗോകുൽ കൃഷ്ണൻ. ആർ | വി.ഇ.ഒ | 01-04-2022 | 05-09-2022 |
| ശ്രീമതി സന്ധ്യ റ്റി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ശ്രീമതി ലക്ഷ്മി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീമതി ഫാത്തിമ റ്റി ജെ | അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1.1 |
| 3 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1.2 |
| 4 | വാർഷിക കണക്കിലേയും രജിസ്റ്ററിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1.3 |
| 5 | വാർഷികക്കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1.4 |
| 6 | ലൈഫ് ഭവനപദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം KURDFC ലോൺ തുകയിൽ ചെലവായി ഉൾപ്പെടുത്തി | 1-1.5 |
| 7 | ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.6 |
| 8 | CFC -Tied &Untied ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1.7 |
| 9 | ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-1.8 |
| 10 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല. | 1-1.9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | മേഖല, വഴി സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-11 |
| 21 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനാൽ വസ്തുനികുതിയിനത്തിൽ നഷ്ടം | 1-12 |
| 22 | വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 23 | റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. | 1-14 |
| 24 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല. | 1-15 |
| 25 | ലൈഫ് ഭവനനിർമ്മാണം - നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-16 |
| 26 | ഭവനപുനരുദ്ധാരണം- പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-17 |
| 27 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-18 |
| 28 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) - തുക മു**ൻ**കൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-19 |
| 29 | തെരുവ് വിളക്ക് അറ്റകുറ്റപ്പണിക**ൾ**, വേതനം , വാഹനവാടക, ഇനത്തി**ൽ** അധികം തുക നല്കി | 1-20 |
| 30 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും - ക്രമപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റ**ർ** സൂക്ഷിക്കുന്നില്ല | 1-22 |
| 32 | സ്മാർട്ട് ഗാർബേജ് സിസ്റ്റം - നി**ർ**വ്വഹണ വിവരങ്ങ**ൾ** പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-23 |
| 33 | മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതക**ൾ** | 1-24 |

| | | |
|---|---|---|
| 34 | ഇ ടെണ്ടർ ചെയ്യിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിലേയ്ക്ക് അടവാക്കണം. | 1-25 |
| 35 | തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ് | 1-26 |
| 36 | വസ്തു നികുതി പരിഷ്കരണം 2023-24 | 1-27 |
| 37 | ഹരിതകർമസേന - പ്രവർത്തനങ്ങൾ | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം , വാഹനവാടക, ഇനത്തിൽ അധികം തുക നല്കി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 07.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 19.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോട്ടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1.2 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 ൽ വിവിധ ഫണ്ടുകളിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | പ്രോജക്ട് നം. | തുക (രൂപ) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 267/23 | 11200/- |
| GPF | 25/23 | 60925/- |
| വികസന ഫണ്ട് (ജനറൽ) | 15/23 | 113040/- |
| വികസന ഫണ്ട് (ജനറൽ) | 10/23 | 33210/- |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 49/23 | 163393/- |
| CFC- Untied | 17/23 | 270000/- |
| CFC- Tied | 209/23 | 12000/- |
| Loans & Advances | 20/23 | 60000/- |

### 1-1.3 വാർഷിക കണക്കിലേയും രജിസ്റ്ററിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

Prof. Tax - ഡിമാന്റ് തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം - 25000/- രൂപ

AFS പ്രകാരം - 39660/- രൂപ

1-1.4 വാർഷികക്കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ലൈസൻസ്, തൊഴിൽ നികുതി - Traders - ഡിസിബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-1.5 ലൈഫ് ഭവനപദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം KURDFC ലോൺ തുകയിൽ ചെലവായി ഉൾപ്പെടുത്തി

സ്റ്റേറ്റ് വിഹിതമായി തൻവർഷം ചെലവഴിച്ച 4290000/- രൂപ KURDFC ലോൺ തുകയിൽ ചെലവായി ഉൾപ്പെടുത്തി.

1-1.6 ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1. ഗുണഭോക്തൃവിഹിതംചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
വാർഷിക ധനകാര്യപത്രിക പ്രകാരം- 910010/-

സുലേഖ പ്രകാരം - 1023010/-

2. പ്രോജക്ട് നം – 23/23 പ്രകാരം യഥാർത്ഥ ചെലവ് 540000/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 570000/- രൂപയാണ്.

3. ഐ.സി.ഡി.എസ് വാർഷികധനകാര്യ പത്രിക പ്രകാരം ചെലവ് 929494/- രൂപയും സുലേഖ പ്രകാരം 873706/- രൂപയുമാണ്.

1-1.7 CFC -Tied &Untied ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

CFC – Tied &Untied ബി – 4 ഷെഡ്യൂൾ പ്രകാരം - 19638143/- രൂപയാണ്. എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരം 19674143/- രൂപയാണ്.

1-1.8 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല

ലൈഫ് ലോൺ – KURDFC – ലോൺ തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. സ്റ്റേറ്റ്ഷെയറിൽ നിന്നുള്ള ചെലവ് ഉൾപ്പെടുത്തിയും Source Deduction തുകയായ 5142532/- രൂപ കുറവുചെയ്യാതെയുമാണ് വാർഷിക ധനകാര്യപത്രികയിൽ നീക്കിയിരുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലോൺരജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നില്ല.

1-1.9 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല.

തൻവർഷം KSEB- യിൽ നിക്ഷേപിച്ച വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
പോസ്റ്റ്ഷിഫ്റ്റിംഗ് - 27156/- രൂപ

1-2 ബജറ്റ്

22/02/2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27/03/23 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27280142/- രൂപ |
| വരവ് | 87556218/- രൂപ |
| ആകെ | 114836360/- രൂപ |
| ചെലവ് | 69449813/- രൂപ |
| നീക്കിയിരിപ്പ് | 45386547/- രൂപ |
| വരവു നഷ്ടം | - |
| ചെലവുനഷ്ടം / നിരാകരിച്ച തുക | 20000/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 2805577/- രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ R&P സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും വന്നിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 33452905 | 33452905 | 30635079 | 2817826 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14269463 | 14269463 | 14248414 | 21049 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1410700 | 1410700 | 1300008 | 110692 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 27624000 | 27624000 | 15518259 | 12105741 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10274000 | 10274000 | 6607396 | 3666604 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്( Tied-Bank) (ACR പ്രകാരം) | 5697067 | 8932000 | 14629067 | 523000 | 14106067 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 2172126 | 6490250 | 8662376 | 3124300 | 5538076 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | - | 7643079 | 7643079 | 4955397 | 2687682 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | - | 773883 | 773883 | 383883 | 390000 |
| ബി-ഫണ്ട് | - | 741680 | 741680 | 741680 | - |
| സാക്ഷരത | 12533 | - | 12533 | - | 12533 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 2332989 | 210000 | 2542989 | - | 2542989 |
| MGNREGS | 37851 | 1431868 | 1469719 | 626162 | 843557 |
| ICDS | 1904768 | 1940826 | 3845594 | 929494 | 2916100 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ലൈഫ് -സ്റ്റേറ്റ് ഷെയർ | 5146602 | 3240000 | 8386602 | 4290000 | 4096602 |
| ആയുഷ് ഹെൽത്ത് വെൽനെസ്സ് സെന്റർ | - | 136893 | 136893 | - | 136893 |
| ശുചിത്വ മിഷൻ | 3161673 | - | 3161673 | 184000 | 2977673 |
| ഹെൽത്ത് ഗ്രാന്റ് | - | 268265 | 268265 | - | 268265 |

1) സി.എഫ്.സി - ടൈഡ് ബാങ്ക് - എ.സി.ആർ പ്രകാരം വരവ് 8932000/- രൂപയാണ്. എന്നാൽ ലെഡ്ജർ പ്രകാരം വരവ് 8926000/- രൂപയാണ്.

2) സി.എഫ്.സി ടൈഡ് & അൺടൈഡ് ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരംലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 278 | 285666020 | 182 | 105098635 | 109 | 96 | 65.46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 37851 | 1431868 | 1469719 | 626162 | 843557 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 79882000 | 79882000 | 79882000 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 47280/- |
| കർഷകതൊഴിലാളി പെൻഷൻ | 8832600/- |
| വിധവാപെൻഷൻ | 20569600/- |
| വാർദ്ധക്യകാലപെൻഷൻ | 41291400/- |
| വികലാംഗപെൻഷൻ | 5899800/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 606400/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 420000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2023 ന് 12.30 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16834/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

*ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും ഐ.എൽ.ജി.എം.എസ്. രസീത് നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനവൽ രസീതുകളും ഉപയോഗിച്ചുവരുന്നു. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

*ഡി & ഒ ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.
*നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്നിരിക്കെ 13/01/2022 മുതൽ 06/09/2022 വരെയുള്ള പണം ഒടുക്കുകളും പിൻവലിക്കലുകളും പരിശോധിച്ചതിൽ ബാങ്ക് അക്കൗണ്ടുകൾ കൃത്യമായി റീകൺസീലിയേഷൻ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്ന് കാണുന്നു. ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസാവസാനവും കൃത്യമായി റീകൺസീലിയേഷൻ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.
*ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല.
*പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യത ഉറപ്പാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികഭദ്രത നിലനിർത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് – വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തി വാർഡ്തലത്തിലുള്ള ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരം സൂക്ഷിക്കേണ്ടതുണ്ട്.
*ലൈഫ് ഭവനപദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല (See Para 1-16).
*ഭവനപുനരുദ്ധാരണം – ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു (See Para 1-17).
*മെഡിക്കൽ ഓഫീസർ (ഹോമിയോ/അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. (See Para 1-18, 1-19)
*തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം, വാഹനവാടക എന്നീ ഇനങ്ങളിൽ അധികം തുക നല്കി (See Para 1-20)
അപാകതകളിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ശ്രദ്ധക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-12-2022 | 7/22 – 9/22 | 6-1-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-10-17 | 2012-13 – 2016-17 | 17-11-2017 |

## 1-11 മേഖല, വഴി സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

1. ദ്വിതീയ മേഖലയിലുള്ള കെട്ടിടത്തിന് തൃതീയ മേഖലയിലുള്ള കെട്ടിടത്തിന് നൽകുന്ന ഇളവ് അനുവദിച്ചു.

ശ്രീ. രജിത്, സിതാര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള IV/949, 950 നം. 137.16m$^2$ (ലൈവ് സ്റ്റോക്ക് ഷെഡ്) 71.69m$^2$ (കോഴിവളർത്തൽ ഷെഡ്) വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ദ്വിതീയ മേഖലയിലുള്ള കെട്ടിടത്തിന് നൽകേണ്ട 10% ഇളവ് അനുവദിക്കുന്നതിനു പകരം 20% ഇളവ് നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| | സഞ്ചയ പ്രകാരം കണക്കാക്കിയ വസ്തുനികുതി Rs. 20/m$^2$ | ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|
| അടിസ്ഥാന വസ്തുനികുതി | 137.16*20=2743 | 137.16*20=2743 |
| മേഖലാ ഇളവ് | 548.64(20%) | 274(10%) |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | 548.64 | 548.64 |
| 5%LC | 138 | 150.88 |
| ആകെ | 2882 | 3168.52 |
| വ്യത്യാസം 3168.52-2882=286 | | |

| | സഞ്ചയ പ്രകാരം കണക്കാക്കിയ വസ്തുനികുതി Rs.20/m$^2$ | ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|
| അടിസ്ഥാന വസ്തുനികുതി | 71.69*20=1433 | 71.69*20=1433 |
| മേഖലാ ഇളവ് | 286.76(20%) | 143(10%) |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | 286.76 | 286.76 |
| 5%LC | 72 | 78.8 |
| ആകെ | 1506 | 1655.59 |
| വ്യത്യാസം 1655.59-1506 = 15075 | | |

2. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര്/ കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | റോഡിന്റെ തരം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|---|
| 20 | 702 | നൂഹ്, മരുതിമൂട്ടിൽ ഷെഡ് | 202m2 | പുന്നല റോഡ് | 4009(L/C ഉൾപ്പെടെ) | 202*20=4040<br>(404ഇളവ്-10%(മേൽക്കൂര) +<br>808 (വർദ്ധനവ്-20% വഴിസൌകര്യം)<br>ആകെ-4444+222(L/C)<br>= 4666/- |
| | | | | | | |
| | | | | | | കുറവ് : 4666-4009 = 657 |

കുറവായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം- 9/27.9.23

1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനാൽ വസ്തുനികുതിയിനത്തിൽ നഷ്ടം

ശ്രീ. ബിനു. വി, വട്ടക്കൈത വീട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള XXI/602, 603, 604 നം. 155 $M^2$ ($78m^2+39m^2+38m^2$) വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ (എക്സ്പ്ലോസീവ് ഗോഡൗൺ) വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയായും ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട ഫോറം 6 പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങൾക്ക് 50/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

കൂടാതെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. ആയതു പ്രകാരം നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 9/29.9.2023

1-13 വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

2022-23 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സിലെ IX/384 നം. കടമുറി സപ്ലൈക്കോ ജനറൽ മാനേജർക്ക് 3500/- രൂപ മാസവാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 4/22 മുതൽ 10/22 വരെയുള്ള വാടക മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബാങ്ക് അക്കൗണ്ടിലേക്ക് തുക അടവാക്കി വരുന്നതായി മറുപടി ലഭ്യമാക്കി. കടമുറികളുടെ വാടക കുടിശ്ശിക തീർത്ത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 4/27.09.23

1-14 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ

ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.)എ 9-764/2019 സർക്കുലർ പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 5/27.9.23

## 1-15 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല.

വാർഷിക ധനകാര്യപത്രിക B-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2,000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. 2022-23 ൽ ശ്രീ. അർജ്ജുൻ ശർമ്മ, സീനിയർ ക്ലർക്കിന് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയാണ് നാളിതുവരെ തിരികെ ഈടാക്കാതെ അവശേഷിക്കുന്നത്. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/29.9.2023

## 1-16 ലൈഫ് ഭവനനിർമ്മാണം - നിർമ്മാണം പൂർത്തിയാക്കിയില്ല.

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവനപദ്ധതികൾ പ്രകാരം കരാറിൽ ഏർപ്പെട്ടിരുന്നവരിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

1) പ്രോജക്ട് നം. 20/23 – ലൈഫ് ഭവനനിർമ്മാണം (ജനറൽ)- SO

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി. ജസീന്ത<br>ജിനുഭവൻ | 3,50,000/- | അവസാന ഗഡു നല്കാനുണ്ട്.<br>പ്രവൃത്തി അന്തിമഘട്ടത്തിൽ |
| 2 | ശ്രീമതി. ഉമൈബാ ബീവി,<br>ഷംല മൻസിൽ | 3,00,000/- | അവസാന ഗഡു നല്കാനുണ്ട്.<br>പ്രവൃത്തി അന്തിമഘട്ടത്തിൽ |
| 3 | ശ്രീമതി. നബീസാ ബീവി,<br>പണ്ടകശാല താഴതിൽ | 3,50,000/- | അവസാന ഗഡു നല്കാനുണ്ട്.<br>പ്രവൃത്തി അന്തിമഘട്ടത്തിൽ |
| 4 | ശ്രീമതി. തങ്കമണി,<br>എസ്.എഫ്.സി.കെ ക്വാർട്ടേഴ്സ് | 3,00,000/- | അവസാന ഗഡു നല്കാനുണ്ട്.<br>പ്രവൃത്തി അന്തിമഘട്ടത്തിൽ |
| 5 | ശ്രീമതി. അമ്പിളി,<br>മുട്ടത്തറ വീട് | 3,00,000/- | അവസാന ഗഡു നല്കാനുണ്ട്.<br>പ്രവൃത്തി അന്തിമഘട്ടത്തിൽ |

2) 259/23 (ലൈഫ് ഭവനനിർമ്മാണം - ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി. സ്മിത<br>പാറവിള പുത്തൻവീട് | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | ശ്രീ. രാജാനന്ദൻ<br>രജീഷ് ഭവനം | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3 | ശ്രീമതി. സുഭദ്ര<br>നെടിയവിള പുത്തൻവീട് | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 4 | ശ്രീമതി.ലീലാമ്മ<br>കുരുടാമണ്ണിൽ മാളിയേക്കൽ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 5 | ശ്രീമതി. ശോശാമ്മ<br>എസ് എഫ് സി കെ മുള്ളുമല | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | ശ്രീമതി. ലളിതാംബിക<br>എസ് എഫ് സി കെ അമ്പനാർ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 7 | ശ്രീമതി. വിജയമ്മ<br>രാജിഭവനം | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 8 | ശ്രീമതി. സുമിത്ര<br>സ്മിതഭവൻ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 9 | ശ്രീമതി സീത എം<br>സീതഭവൻ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 10 | ശ്രീമതി ആമിന<br>കടയ്ക്കാമൺ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 11 | ശ്രീമതി സിനി എസ്<br>അലിമുക്ക് | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| 12 | ശ്രീമതി അന്നമ്മ എ<br>കിഴക്കേമുറി | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 13 | ശ്രീമതി പൊന്നമ്മ<br>ലക്ഷ്മി ഭവനം | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 14 | ശ്രീമതി ഗീത കെ<br>ഷേബ ഭവൻ | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 15 | ശ്രീമതി ബിന്ദു ആർ<br>സന്തോഷ് ഭവൻ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 16 | ശ്രീ മാത്യുക്കുട്ടി ജോർജ്<br>വലിയപറമ്പിൽവീട് | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 17 | ശ്രീമതി മീനാക്ഷി<br>കൊല്ലാല മേലതിൽവീട് | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 18 | ശ്രീ സജീവ് എം<br>സജീവ് വിലാസം | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 19 | ശ്രീമതി ലേഖ<br>ചരുവിളവീട് | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 20 | ശ്രീ ബിജുമോൻ ആർ<br>ബിജുഭവൻ | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 21 | ശ്രീമതി രതി<br>വാഴത്തോപ്പിൽവീട് | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 22 | ശ്രീ മോഹനൻ<br>മണിലാൽഭവൻ | 3,50,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 23 | ശ്രീമതി നജി<br>പാലമൂട്ടിൽ കിഴക്കതിൽ | 3,50,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 24 | ശ്രീമതി മസൂദമ്മാൾ<br>ചരുവിള വീട് | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 25 | ശ്രീ രാജ്<br>രാജിഭവനം | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 26 | ശ്രീമതി അമ്പിളി<br>സുരേഷ് ഭവനം | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 27 | ശ്രീ നൗഷാദ്<br>തോപ്പുവിള താഴതിൽ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 28 | ശ്രീമതി നിഷാമോൾ<br>കട്ടയിൽ വീട് | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |

3) പ്രോജക്റ്റ് നം. 90/23 – ലൈഫ് ഭവനനിർമ്മാണം (SC)-SO

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി. രജനി<br>അദ്വൈതം | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | ശ്രീ. വിജയൻ<br>എസ് എഫ് സി കെ ക്വാർട്ടേഴ്സ് | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | ശ്രീ.വിജയൻ പി<br>എസ് എഫ് സി കെ ക്വാർട്ടേഴ്സ് | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | ശ്രീ.ബിജു ആർ<br>ബിന്ദുഭവൻ | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 5 | ശ്രീമതി. അജിത എസ്<br>അജിത ഭവൻ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | ശ്രീമതി. സുഭദ്ര<br>സജിത ഭവൻ | 40,000/- | പ്രവൃത്തി തുടങ്ങിയിട്ടില്ല |
| 7 | ശ്രീ.ലിജു എൽ<br>കടസ്കാമൺ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 8 | ശ്രീമതി. അംബിക<br>ലക്ഷം വീട് പുന്നം | 3,50,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 9 | ശ്രീമതി ബിന്ദു | 3,60,000/- | പ്രവൃത്തി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| | തുണ്ടിൽവീട് | | |

4) പ്രോജക്ട് നം. 256/23 – ലൈഫ് പട്ടികവർഗ്ഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീ. വേലായുധൻ<br>മുള്ളുമല ഗിരിജൻ കോളനി | 5,50,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | ശ്രീമതി. ശകുന്തള<br>മുള്ളുമല ഗിരിജൻ കോളനി | 5,50,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | ശ്രീ.സുധീഷ്<br>സുധീഷ്ഭവൻ കുര്യോട്ടുമല | 5,50,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | ശ്രീമതി.ജ്യോതി റ്റി എസ്<br>കൈലാസ്ഭവൻ കുര്യോട്ടുമല | 5,40,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 5 | ശ്രീ.രാജേഷ്<br>രാജേഷ് ഭവൻ കുര്യോട്ടുമല | 5,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | ശ്രീ.ജയൻ<br>മധുഭവൻ കുര്യോട്ടുമല | 5,40,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 7 | ശ്രീമതി. സജിത റ്റി<br>മുള്ളുമല ഗിരിജൻ കോളനി | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 8 | ശ്രീമതി. ദിവ്യ. എസ്,<br>ദിലീപ്ഭവൻ | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 9 | ശ്രീ. കുഞ്ഞുമോൻ<br>കിഴക്കേവെള്ളംതെറ്റി | 3,80,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 10 | ശ്രീ.സുരേന്ദ്രൻ<br>കിഴക്കേവെള്ളംതെറ്റി | 3,80,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 11 | ശ്രീമതി. സുനിത<br>സുനിൽഭവൻ പുന്നല | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |

5) പ്രോജക്ട് നം. 257/23 ലൈഫ് ഭവനനിർമ്മാണം(SC)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ശ്രീമതി. ഉഷസ്സ് സി ആർ<br>എലിക്കാട്ടൂർ | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | ശ്രീമതി. രമ റ്റി<br>രമേഷ് ഭവനം | 2,40,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | ശ്രീമതി. തങ്കമ്മ കെ<br>ദീപാഭവനം കിഴക്കേമുറി | 2,40,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | ശ്രീമതി. രമ്യ രവി<br>കിഴക്കേമുറി | 2,40,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 5 | ശ്രീമതി. വീണ വിശ്വൻ<br>പിറവന്തൂർ | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | ശ്രീമതി. ശകുന്തള<br>പുന്നല | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 7 | ശ്രീമതി. രമ്യ<br>രമ്യഭവനം എലിക്കാട്ടൂർ | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 8 | ശ്രീ. വിനീഷ്<br>വിനീഷ് ഭവൻ എലിക്കാട്ടൂർ | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 9 | ശ്രീമതി. ചെല്ലമ്മ<br>കടയ്ക്കാമൺ | 3,50,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 10 | ശ്രീമതി. ഓമന റ്റി<br>വിനീത ഭവൻ അലിമുക്ക് | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 11 | ശ്രീ. കൊച്ചനാണ<br>നിഷാഭവൻ കമുകംചേരി | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 12 | ശ്രീമതി. ചന്ദ്രിക<br>വഴങ്ങോട് | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 13 | ശ്രീമതി ലീല പി | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | SFCK മുള്ളുമല | | |
| 14 | ശ്രീമതി. ഓമന<br>വെട്ടിത്തിട്ട | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 15 | ശ്രീമതി. സൂര്യ പി എസ്<br>സൂര്യഭവൻ | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 16 | ശ്രീമതി. ശാന്തി<br>അലിമുക്ക് | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 17 | ശ്രീമതി. ബിന്ദു<br>കടയ്ക്കാമൺ | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 18 | ശ്രീ. ഷിബു<br>പുന്നല | 3,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |
| 19 | ശ്രീ. തങ്കപ്പൻ<br>ചെമ്പനരുവി | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 20 | ശ്രീ. കുട്ടി<br>അലിമുക്ക് | 2,00,000/- | പ്രവൃത്തി പുരോഗമിക്കുന്നു |

6) പ്രോജക്ട് നം. 309/23 ലൈഫ് 2020(SC)

ആകെ ഗുണഭോക്താക്കൾ – 83

ചെലവ് – 6620000/- രൂപ

25-02-2023 മുതലാണ് പ്രവൃത്തി ആരംഭിച്ചത്. ഭവനനിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റിയശേഷം ഭവനനിർമ്മാണം തുടങ്ങാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/25.9.23

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

1-17 ഭവനപുനരുദ്ധാരണം- പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ഭവനപുനരുദ്ധാരണം - പദ്ധതി നം – 260/22-23 (പട്ടികജാതി)

വികസനഫണ്ട് (SCP) - അടങ്കൽ തുക - 21,00,000/-രൂപ; ചെലവ് തുക: 13,50,000/- രൂപ

ആകെ ഗുണഭോക്താക്കൾ – 37

ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ - 04

പദ്ധതി നിർവഹണം- ഒരു ഗുണഭോക്താവിന് 50,000/- രൂപ വീതം നല്കുന്നു. (25,000/- രൂപ മുൻകൂറായി അനുവദിക്കുന്നു). പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു നല്കുന്നു.

ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം/തീയതി | തൽസ്ഥിതി വിവരം |
|---|---|---|---|---|
| 1 | പഞ്ചമി<br>പണ്ടകശാല മേലതിൽ<br>വെട്ടിത്തിട്ട | 25,000/- | 323/17-02-23 | പണി പൂർത്തിയായിട്ടില്ല |
| 2 | ദാമോദരൻ<br>പാറക്കടവ് വീട് കടശ്ശേരി | 25,000/- | 351/23-02-23 | പണി പൂർത്തിയായിട്ടില്ല |
| 3 | രാധ<br>രതീഷ് ഭവൻ തച്ചൻകുളം | 25,000/- | 356/25-02.23 | പണി പൂർത്തിയായിട്ടില്ല |
| 4 | സുലോചന<br>സുരേഷ്ഭവൻ കടശ്ശേരി | 25,000/- | 385/06-03-23 | പണി പൂർത്തിയായിട്ടില്ല |

ഭവനപുനരുദ്ധാരണം – പദ്ധതി നം - 21/22-23 (എസ് സി പി)

അടങ്കൽ തുക –6,75,000/- രൂപ; ചെലവ് തുക: 6,25,000/- രൂപ

ആകെ ഗുണഭോക്താക്കൾ – 33

ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ – 01

ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശം താഴെ ചേർക്കുന്നു

| | | | | |
|---|---|---|---|---|
| 1 | പി. കെ. കമലാസനൻ<br>പുത്തൻവിളവീട്<br>പിറവന്തൂർ | 25,000/- | 312/14-02-23 | പണി പൂർത്തിയായിട്ടില്ല |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ

ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉണ്ടാകേണ്ടതാണ്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണവിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം – 2/25-09-23

നിർവഹണം – വി.ഇ.ഒ (ശ്രീമതി സന്ധ്യ. റ്റി)

## 1-18 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവു തുക | ബിൽ നം./തീയതി | തുക നൽകിയത് | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 297/22-23<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 2,50,000/-<br>(മെയി. ഫണ്ട്-റോഡിതരം) | 2,50,000/- | 261/<br>10-01-23 | HOMCO | 1,91,129/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ 58871/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതായി അറിയിച്ചു. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,91,129/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭിക്കുന്ന ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം – 01/20-09-23

തടസ്സപ്പെടുത്തുന്ന തുക – 1,91,129/- രൂപ

## 1-19 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) - തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവു തുക | ബിൽ നം./തീയതി | തുക നൽകിയത് | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 13/22-23<br>പി.എച്ച്.സിയ്ക്ക് മരുന്നും ഇൻസുലിനും വാങ്ങൽ | 12,00,000/-<br>(മെയി.ഫണ്ട്-റോഡിതരം) | 12,00,000/- | 190/05-12-22 | IHDB | 47,818/- |
| 12/22-23<br>ഗൃഹ കേന്ദ്രീകൃത സാന്ത്വനപരിചരണം | 74040/-<br>(വികസനഫണ്ട്-ജനറൽ)<br>4,50,000/-(ബ്ലോക്കുവിഹിതം) | 74040/-<br>(വികസനഫണ്ട്-ജനറൽ)<br>4,50,000/-(ബ്ലോക്കുവിഹിതം) | ബിൽ നം.435/15-03-23&<br>18/24-12-22 | In House Drug Bank | 74040/-<br>1,77,786/-<br>[52786/- Medicine 125000/- Equipments] |
| 288/22-23<br>അതിദാരിദ്ര്യലഘൂകരണം പാലിയേറ്റീവ് കെയർ | 100000/-<br>(വികസനഫണ്ട്-ജനറൽ) | 100000/-<br>(വികസനഫണ്ട്-ജനറൽ) | ബിൽ നം.577/29-03-23 | In House Drug Bank | 100000/- |

ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 3,99,644/- (47,818/- + 74040/- + 1,77,786/-+100000/-) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം , വാഹനവാടക, ഇനത്തിൽ അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം, വാഹനവാടക (104/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 329900/- (വികസന ഫണ്ട്) |
| ചെലവ് | 3,18,675/- രൂപ (ബിൽ നം-9 തീ 23-08-2022) |

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് വാഹനവാടക ഒരുദിവസത്തേയ്ക്ക് 1250/- രൂപ പ്രകാരം ശ്രീ. ബിജു എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ചു. ടിയാന് വാഹന വാടക ഇനത്തിൽ താഴെകൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചിരിക്കുന്നു.

| ക്ര.നം | വാർഡ് നം | വാഹനം ഓടിയ തീയതി | ദിവസം | നല്കിയ തുക |
|---|---|---|---|---|
| 1 | 2 | 31-12-2021 മുതൽ 10-01-2022 വരെ | 11 | 13750 |

| | | | | |
|---|---|---|---|---|
| 2 | 3 | 14-05-2022 മുതൽ 21-05-2022 വരെ | 8 | 10,000 |
| 3 | 5 | 02-05-2022 മുതൽ 09-05-2022 വരെ | 7 | 8750 |
| 4 | 6 | 18-03-2022 മുതൽ 30-03-2022 വരെ | 12 | 15,000 |
| 5 | 7 | 27-05-2022 മുതൽ | 7 | 8750 |
| 6 | 8 | 18-03-2022 മുതൽ 28-03-2022 വരെ | 11 | 13,750 |
| 7 | 9 | 25-01-2022 മുതൽ 05-02-2022 വരെ | 11 | 13,750 |
| 8 | 10 | 19-03-2022 മുതൽ 01-04-2022 വരെ | 14 | 17500 |
| 9 | 11 | 18-04-2022 മുതൽ 30-04-2022 വരെ | 13 | 16,250 |
| 10 | 13 | 18-05-2022 മുതൽ 02-06-2022 വരെ | 15 | 18,750 |
| 11 | 14 | 11-04-2022 മുതൽ 23-04-2022 വരെ | 13 | 16,250 |
| 12 | 16 | 04-02-2022 മുതൽ 15-02-2022 വരെ | 12 | 15000 |
| 13 | 18 | 24-03-2022 മുതൽ 04-04-2022 വരെ | 11 | 13,750 |
| 14 | 19 | 29-04-2022 മുതൽ 05-05-2022 വരെ | 7 | 8750 |
| 15 | 21 | 10-05-2022 മുതൽ 16-05-2022 വരെ | 7 | 8750 |
| | | | | 1,98,750 |

ഒരു ദിവസം വാഹനം ഓടുന്നതിന് 1250 രൂപയാണ് അനുവദിക്കുന്നത്. തുടർന്ന് രേഖകൾ പരിശോധിച്ചതിൽ കരാറുകാരന്റെ അപേക്ഷപ്രകാരം 17-12-2021ലെ 1(9) നമ്പർ തീരുമാനപ്രകാരം ഒരുവാഹനം ഉപയോഗിച്ച് പ്രവൃത്തി ചെയ്യുമ്പോൾ വർക്കിന്റെ പെർഫോർമൻസിനെ ബാധിക്കുന്നതിനാൽ ഒരു വാഹനം കൂടി ടെണ്ടർപ്രകാരമുള്ള നിരക്കിൽ ഓടുന്നതിന് അനുവദിച്ച് ഉത്തരവായി. എന്നാൽ ഒരേ ദിവസം വാഹനം ഓടിയതിന് 4 തവണ വരെ 1250/- രൂപ ക്രമത്തിൽ തുക നല്കിയിരിക്കുന്നു. ഇപ്രകാരം തുക അനുവദിച്ചുമൂലം അധികം നല്കിയിട്ടുള്ള തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | തീയതി | തുക അനുവദിച്ച ആകെ ദിവസം | തുക അനുവദിക്കാവുന്ന ദിവസം | അധികം നല്കിയ തുക |
|---|---|---|---|---|
| | 18-03-2022 മുതൽ 30-03-2022 വരെ | 42 | 13x2= 26 | 42-26=16<br>16x1250=20,000 |
| | | | ആകെ | 20,000 |

(വാർഡ് 6, 18-03-2022 മുതൽ 30-03-2022 വരെ-12 ദിവസം, വാർഡ് 8, 18-03-2022 മുതൽ 28-03-2022 വരെ 11 ദിവസം, വാർഡ് 10, 19-03-2022 മുതൽ 30-03-2022 വരെ 12 ദിവസം, വാർഡ് 18, 24-03-2022 മുതൽ 30-03-2022 വരെ-7 ദിവസം ആകെ 12+11+12+7= 42 ദിവസം)

വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് നടത്തിയ ടെണ്ടർ വിവരങ്ങളുടെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/27-09-2023) മറുപടി ലഭ്യമാക്കുകയോ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് നടത്തിയ ടെണ്ടർ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് വാഹനവാടക ഇനത്തിൽ അധികം നല്കിയിട്ടുള്ള 20,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിരാകരിച്ച തുക – 20,000/- രൂപ

ഓഡിറ്റ് അന്വേഷണം - നം. 7/27-09-2023

### 1-21 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 1 | ജീവനം (204/23)<br>അടങ്കൽ തുക - 2,00,000/- രൂപ<br>(വികസന ഫണ്ട്) | ജില്ലാ പഞ്ചായത്ത്,<br>കൊല്ലം | 2,00,000/- | 12, തീ 23-08-2022 |
| 2 | എസ് എസ് കെ വിഹിതം<br>അടവാക്കൽ (202/23)<br>അടങ്കൽ തുക- 17,85,000/- രൂപ<br>(വികസന ഫണ്ട്) | എസ്.എസ്.കെ,<br>കൊല്ലം | 17,82,748/- | 10, തീ 23-08-2022 |
| 3 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി<br>സ്ഥാപിക്കൽ (210/23)<br>അടങ്കൽ തുക -1,00,000/- രൂപ<br>(വികസന ഫണ്ട് ) | കെ.എസ്.ഇ.ബി,<br>പിറവന്തൂർ | 17,937/-<br>9,219/- | 15, തീ 03-11-2022<br>26, തീ 09-01-2023 |

| | | | | |
|---|---|---|---|---|
| | | ആകെ | 20,09,904/- | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07, തീയതി 27-09-2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 20,09,904/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തിയ തുക - 20,09,904/- രൂപ
ഓഡിറ്റ് അന്വേഷണം നം. 07/27-09-2023

1-22 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും - ക്രമപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്. ജെം പോർട്ടൽ മുഖേന ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് | വാങ്ങിയ ഉപകരണങ്ങൾ | തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ്ടോപ്പ് വാങ്ങൽ (214/23) അടങ്കൽ തുക - 3,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,43,883/-, തനത്ഫണ്ട് - 1,56,117/-) | ലാപ്പ് ടോപ്പ് - 7എണ്ണം | 1,43,883/-<br>1,39,642/- | 229/22.12.2022<br>ചെക്ക് നം. 043961/18.01.2023 |
| 2 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ (224/23) അടങ്കൽ തുക – 1,50,000/- രൂപ (വികസന ഫണ്ട്) | പ്രിന്റർ - 6 എണ്ണം | 1,36,273/- | 10/23.08.2022 |
| | | ആകെ | 4,19,798/- | |

വാങ്ങിയ ഉപകരണങ്ങൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07/27-09-2023) മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഏതെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഉപകരണങ്ങൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം – നം. 07/27-09-2023

1-23 സ്മാർട്ട് ഗാർബേജ് സിസ്റ്റം - നിർവ്വഹണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | സ്മാർട്ട് ഗാർബേജ് സിസ്റ്റം (209/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 3,00,114/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) |
| ചെലവ് | 2,04,900/- രൂപ ബിൽ നം. 84/20-08-2022 |

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായിസർവ്വീസ് ചാർജ്ജ് 1,35,700/- രൂപ, എസ്.എം.എസ് തുക - 7200/- രൂപ, ക്യൂ.ആർ. കോഡ് 12000/- രൂപ ലാപ് ടോപ്പ് 50,000/- രൂപ ഉൾപ്പെടെ 2,04,900/- രൂപ കെൽട്രോണിന് നല്കി. സംവിധാനം നടപ്പിലാക്കിയതിന്റേയും ക്യൂ.ആർ. കോഡ്, ലാപ് ടോപ്പ് എന്നിവ ലഭിച്ചതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2,04,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തുന്ന തുക - 2,04,900/- രൂപ
ഓഡിറ്റ് അന്വേഷണം- നം 10/29.09.2023

1-24 മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

(1) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മിക്ക പ്രവൃത്തികളും കരാർപ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നില്ല.നിസ്സാര കാരണങ്ങൾ രേഖപ്പെടുത്തി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയും അതിനാൽ പ്രവൃത്തികൾ സ്പിൽ ഓവർ ആയി മാറുകയും ചെയ്യുന്നു. തൻ വർഷവും സ്പിൽഓവർ പ്രവൃത്തികൾ ഉൾപ്പെടെ 6,07,78,397/- രൂപയുടെ അടങ്കൽ തുകയുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 2,65,63,884/- രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. (ചെലവ് ശതമാനം -43.7).

2) ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല.

ഇ ടെണ്ടർ മുഖേനയല്ലാതെ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികൾക്ക് മത്സര സ്വഭാവമില്ല. നിരവധി പ്രവൃത്തികൾക്ക് തൻവർഷവും മാനുവൽ ടെണ്ടർ രീതി അവലംബിച്ചിട്ടുണ്ട്. ഇപ്രകാരം ടെണ്ടർ ചെയ്തിട്ടുള്ള മിക്ക പ്രവൃത്തികളിലും 2 ടെണ്ടറുകൾ മാത്രം ലഭിക്കുന്നു. (എസ്റ്റിമേറ്റ് നിരക്ക് 0.1% കുറവ്). കരാറുകാർ തമ്മിലുള്ള പരസ്പര ധാരണയ്ക്ക് ഇത് വഴിയൊരുക്കുന്നു.

3) ഇൻഷ്വറൻസ് പോളിസി എടുപ്പിക്കാതെ പിഴ ഈടാക്കുന്നു.

കരാറുകാരൻ ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതിനു പകരം ഒരു പ്രവൃത്തിയിലൊഴികെയുള്ളവയിലെ പിഴ ഈടാക്കിയിരിക്കുകയാണ്. ഇൻഷ്വറൻസ് കവറേജിന്റെ ലക്ഷ്യത്തിന് വിരുദ്ധമാണ് ഇത്തരം പ്രവണത.

പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുവാനും, പരമാവധി പ്രവൃത്തികൾക്ക് ഇ – ടെണ്ടർ സംവിധാനം അവലംബിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റി വികസനകാര്യ സ്ഥിരം സമിതി എന്നിവയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-25 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിലേയ്ക്ക് അടവാക്കണം.

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നിലവിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പരിശോധനയ്ക്ക് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 19.09.2023 ൽ 1,11,497/- രൂപ നീക്കിയിരുപ്പുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കുവരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-26 തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ്

എല്ലാ കെട്ടിട ഉടമകളും പഞ്ചായത്ത് നൽകുന്ന എല്ലാ സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും നിലവിൽ ഗ്രാമപ്പഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടത്തിന്റെയും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് ചട്ടം 27 പ്രകാരമുള്ള നിരക്കിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കാവുന്നതാണ്.ആയതിനാൽ സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

1-27 വസ്തു നികുതി പരിഷ്കരണം 2023-24

22.03.2023ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നിരിക്കെ മേഖലാ വിഭജനം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ഉത്തരവു പ്രകാരം 2023-24 ലെ വസ്തു നികുതി പരിഷ്കരണത്തിലൂടെ നികുതി വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-28 ഹരിതകർമസേന - പ്രവർത്തനങ്ങൾ

ആകെ 21 വാർഡുകളുൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ 9817 വീടുകളും 412 കച്ചവട സ്ഥാപനങ്ങളുമാണ് ഉള്ളത്. ഹരിതകർമ്മ സേനയിൽ നിലവിൽ 37 അംഗങ്ങളുണ്ട്. MCF സ്ഥലപരിമിതിയിലാണ് പ്രവർത്തിക്കുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനോ സോർട്ട് ചെയ്യുന്നതിനോ ഉള്ള ക്രമീകരണങ്ങൾ സജ്ജമല്ല. നിലവിൽ IRTC ആണ് പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ കൈമാറുന്നുണ്ടെന്ന് മോണിറ്റർ ചെയ്യേണ്ടതുണ്ട്. കൃത്യമായ കലണ്ടർ സൂക്ഷിക്കുകയും അതിനനുസൃതമായി മാലിന്യശേഖരണം നടത്തുകയും ചെയ്യേണ്ടതുണ്ട്. സ്വന്തമായി വാഹനം ഇല്ലാത്ത നിലയുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനത്തിന് സഹായകമാംവിധം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്. അടിയന്തിരമായി ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കേണ്ടതുണ്ട്. വരുമാന വർദ്ധനവിന് സഹായകമാംവിധം ശേഖരിക്കുന്ന പ്ലാസ്റ്റിക് വിപണനം നടത്താവുന്നതാണ്.

നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ

എംസിഎഫിന്റെ സ്ഥലപരിമിതിമൂലം 21 വാർഡിലേയും പ്ലാസ്റ്റിക് കൃത്യമായി തരംതിരിച്ച് എംസിഎഫിനുള്ളിൽ സൂക്ഷിക്കാൻ സാധിക്കുന്നില്ല. എംസിഎഫിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ കുടിവെള്ളത്തിന്റെ ലഭ്യത കുറവുണ്ട്.

മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

നിലവിൽ പുതിയ എംസി എഫ് കെട്ടിടം നിർമ്മിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. തൊഴിലുറപ്പ് മേറ്റ്മാരുടെ യോഗം വിളിച്ച് കൂട്ടുകയും, എല്ലാ തൊഴിലാളികളും കൃത്യമായി സഹകരിക്കുന്നുണ്ട് എന്ന് മേറ്റ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. യൂസർഫീ കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം , വാഹനവാടക, ഇനത്തിൽ അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, വേതനം, വാഹനവാടക (104/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 329900/- (വികസന ഫണ്ട്) |
| ചെലവ് | 3,18,675/- രൂപ (ബിൽ നം-9 തീ 23-08-2022) |

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് വാഹനവാടക ഒരുദിവസത്തേയ്ക്ക് 1250/- രൂപ പ്രകാരം ശ്രീ. ബിജു എന്ന വ്യക്തിയുടെ ക്വട്ടേഷൻ അഗീകരിച്ചു. ടിയാന് വാഹന വാടക ഇനത്തിൽ താഴെകൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചിരിക്കുന്നു.

| ക്ര.നം | വാർഡ് നം | വാഹനം ഓടിയ തീയതി | ദിവസം | നല്കിയ തുക |
|---|---|---|---|---|
| 1 | 2 | 31-12-2021 മുതൽ 10-01-2022 വരെ | 11 | 13750 |
| 2 | 3 | 14-05-2022 മുതൽ 21-05-2022 വരെ | 8 | 10,000 |
| 3 | 5 | 02-05-2022 മുതൽ 09-05-2022 വരെ | 7 | 8750 |
| 4 | 6 | 18-03-2022 മുതൽ 30-03-2022 വരെ | 12 | 15,000 |
| 5 | 7 | 27-05-2022 മുതൽ | 7 | 8750 |
| 6 | 8 | 18-03-2022 മുതൽ 28-03-2022 വരെ | 11 | 13,750 |
| 7 | 9 | 25-01-2022 മുതൽ 05-02-2022 വരെ | 11 | 13,750 |
| 8 | 10 | 19-03-2022 മുതൽ 01-04-2022 വരെ | 14 | 17500 |
| 9 | 11 | 18-04-2022 മുതൽ 30-04-2022 വരെ | 13 | 16,250 |
| 10 | 13 | 18-05-2022 മുതൽ 02-06-2022 വരെ | 15 | 18,750 |
| 11 | 14 | 11-04-2022 മുതൽ 23-04-2022 വരെ | 13 | 16,250 |
| 12 | 16 | 04-02-2022 മുതൽ 15-02-2022 വരെ | 12 | 15000 |
| 13 | 18 | 24-03-2022 മുതൽ 04-04-2022 വരെ | 11 | 13,750 |
| 14 | 19 | 29-04-2022 മുതൽ 05-05-2022 വരെ | 7 | 8750 |
| 15 | 21 | 10-05-2022 മുതൽ 16-05-2022 വരെ | 7 | 8750 |
| | | | | 1,98,750 |

ഒരു ദിവസം വാഹനം ഓട്ടുന്നതിന് 1250 രൂപയാണ് അനുവദിക്കുന്നത്. തുടർന്ന് രേഖകൾ പരിശോധിച്ചതിൽ കരാറുകാരന്റെ അപേക്ഷപ്രകാരം 17-12-2021ലെ 1(9) നമ്പർ തീരുമാനപ്രകാരം ഒരുവാഹനം ഉപയോഗിച്ച് പ്രവൃത്തി ചെയ്യുമ്പോൾ വർക്കിന്റെ പെർഫോർമൻസിനെ ബാധിക്കുന്നതിനാൽ ഒരു വാഹനം കൂടി ടെണ്ടർപ്രകാരമുള്ള നിരക്കിൽ ഓട്ടുന്നതിന് അനുവദിച്ച് ഉത്തരവായി. എന്നാൽ ഒരേ ദിവസം വാഹനം ഓടിയതിന് 4 തവണ വരെ 1250/- രൂപ ക്രമത്തിൽ തുക നല്കിയിരിക്കുന്നു. ഇപ്രകാരം തുക അനുവദിച്ചതുമൂലം അധികം നല്കിയിട്ടുള്ള തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | തീയതി | തുക അനുവദിച്ച ആകെ ദിവസം | തുക അനുവദിക്കാവുന്ന ദിവസം | അധികം നല്കിയ തുക |
|---|---|---|---|---|
| | 18-03-2022 മുതൽ 30-03-2022 വരെ | 42 | 13x2= 26 | 42-26=16<br>16x1250=20,000 |
| | | | ആകെ | 20,000 |

(വാർഡ് 6, 18-03-2022 മുതൽ 30-03-2022 വരെ-12 ദിവസം, വാർഡ് 8, 18-03-2022 മുതൽ 28-03-2022 വരെ 11 ദിവസം, വാർഡ് 10,

19-03-2022 മുതൽ 30-03-2022 വരെ 12 ദിവസം, വാർഡ് 18, 24-03-2022 മുതൽ 30-03-2022 വരെ-7 ദിവസം ആകെ 12+11+12+7= 42 ദിവസം) വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് നടത്തിയ ടെണ്ടർ വിവരങ്ങളുടെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/27-09-2023) മറുപടി ലഭ്യമാക്കുകയോ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് നടത്തിയ ടെണ്ടർ വിവരങ്ങളുടെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് വാഹനവാടക ഇനത്തിൽ അധികം നല്കിയിട്ടുള്ള 20,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിരാകരിച്ച തുക – 20,000/- രൂപ

ഓഡിറ്റ് അന്വേഷണം - നം. 7/27-09-2023

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 20.09.2023 | കെ.എസ്.എ.കെ.എൽ.എം.പി9/1758/2023, തീയതി –11.10.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 450000/- | സാന്ത്വനപരിചരണം (പ്രോജക്ട് നം.12/23) | 450000/- | - |
| | | 225000/- | ലൈഫ് -എസ്സ്.സി-ഭൂമി വാങ്ങൽ (പ്രോജക്ട് നം.89/23) | 225000/- | - |
| | | 204720/- | ലൈഫ് -ഭവനനിർമ്മാണം-എസ്സ്.റ്റി (പ്രോജക്ട് നം.256/23) | 204720/- | - |
| | | 1051438/- | ലൈഫ്-ഭവനപദ്ധതി-എസ്സ്.സി (പ്രോജക്ട് നം. 86/23) | 1051438/- | - |
| | | 600000/- | ലൈഫ് ഭൂമി വാങ്ങൽ -ജനറൽ (പ്രോജക്ട് നം.88/23) | 600000/- | - |
| | | 1200000/- | ലൈഫ് ഭൂമിവാങ്ങ ൽ- ജനറൽ (പ്രോജക്ട് നം.254/23) | 1200000/- | - |
| | | 23821/- | ലൈഫ് -വസ്തുവാങ്ങൽ- (പ്രോജക്ട് നം-94/23) | 23821/- | - |
| | | 80000/- | ലൈഫ് -ഭവനനിർമ്മാണം-എസ്സ്.റ്റി (പ്രോജക്ട് നം. 96/23) | 80000/- | - |
| | | 101780/- | ലൈഫ് -വസ്തുവാങ്ങൽ-എസ്സ്.റ്റി(പ്രോജക്ട് നം-95/23) | 101780/- | - |
| | | 200000/- | ലൈഫ്-ഭവനപദ്ധതി-വസ്തുവാങ്ങൽ-ജനറൽ (പ്രോജക്ട് നം. 18/23) | 200000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000/- | ലൈഫ് ഭൂമി വാങ്ങൽ -ജനറൽ (പ്രോജക്ട് നം.88/23) | 200000/- | - |
| | | 200000/- | ലൈഫ് -ഭവനനിർമ്മാണം-ജനറൽ (പ്രോജക്ട് നം.259/23) | 200000/- | - |
| | | 1000000/- | ലൈഫ് ഭൂമിവാങ്ങ ൽ- ജനറൽ (പ്രോജക്ട് നം.254/23) | 1000000/- | - |
| | | 300000/- | ലൈഫ് -ഭവനനിർമ്മാണം-ജനറൽ (പ്രോജക്ട് നം.20/23) | 300000/- | - |
| | | 86814/- | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം.14/23) | 86814/- | - |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ നൽകിയ | ചെലവഴിച്ച | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| ഏജൻസി | പേര് | നം. | തുക | തുക | തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 160/2.11.22<br>263/7.1.23 | 27156 | - | 27156 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 14520000/- രൂപ വരവുണ്ട്. ലോൺ രജിസ്റ്റർ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൻവർഷത്തെ വിനിയോഗ തുകയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. 55112024/-രൂപ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | തൻവർഷം ലഭിച്ച വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ ലൈഫ് ഭവനനിർമ്മാണം | - | 1,45,20,000/- | 4,57,34,556/- | 51,42,532/- | | 5,51,12,024/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

1) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20,000/- | ഇ. ഈശ്വർദാസ്, സെക്രട്ടറി |

2) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,91,129/- | ഡോ. അഞ്ജന റ്റി ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-19 | 3,99,644/- | ഡോ. കാർത്തി പി കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-21 | 20,09,904/- | ഇ. ഈശ്വർദാസ്, സെക്രട്ടറി |
| 1-23 | 2,04,900/- | ഇ. ഈശ്വർദാസ്, സെക്രട്ടറി |
| ആകെ | 28,05,577/- | |

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

4) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

5) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇ. ഈശ്വർദാസ്, സെക്രട്ടറി | സെക്രട്ടറി,<br>പിറവന്തൂർ ഗ്രാമപഞ്ചായത്ത് | പല്ലവ്, നീലേശ്വരം പി.ഒ,<br>കൊട്ടാരക്കര |
| ഡോ. കാർത്തി പി കുമാർ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി പിറവന്തൂർ | മെഡിക്കൽ ഓഫീസർ,<br>ഹോമിയോ ഡിസ്പെൻസറി<br>ചടയമംഗലം | ഗോകുലം, എം സി ആർ എ -24<br>തിരുമുല്ലവാരം, കൊല്ലം |
| ഡോ. അഞ്ജന റ്റി ആർ,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി പിറവന്തൂർ | ജനനി, ഹൗസ് നം. 8/എ, കടവിള,<br>ആൽത്തറമൂട്, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 9 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 13 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 10 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 10 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 8 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 5 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 15 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 12 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി.9/432/18, 2.3.18 | 8 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി.9/797(1)/19, 10.06.19 | 4 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി.9/797(2)/19, 10.06.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി.9/797(3)/19, 10.06.19 | 12 |
| 2009-10 & 2010-11 | കെ.എസ്.എ.കെ.എൽ.എം.പി.9/797(4)/19, 10.06.19 | 8 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.9(അദാലത്ത്)2011-12/192/22, 23.08.22 | 5 |
| 2012-13 & 13-14 | കെ.എസ്.എ.കെ.എൽ.എം.പി.9(അദാലത്ത്)2012-13 & 13-14/192/22, 23.08.22 | 7 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.9(അദാലത്ത്)2014-15/192/22, 23.08.22 | 5 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.9(അദാലത്ത്)2015-16/192/22, 23.08.22 | 5 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി9/760/22, 27.09.22 | 16 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി9/1255/21, 10.11.21 | 25 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.9/386/2020, 12.08.21 | 15 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.9/173/22, 24.6.22 | 43 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.9/174/22, 20.07.22 | 46 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.9/2049/22, 05.03.23 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി.9/2049/22, 05.01.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 07-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Piravanthur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Piravanthur Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Piravanthur Grama Panchayat for the Year 2022-2023.**

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit

Comments relating to Ratios

Comments relating to Notes to account

2. Amount not paid from treasury has not been excluded from web saankhya ACR

3. Demand Register does not match with Financial statements - Prof. Tax Register

4. Registers not maintained properly - Licence, Prof.Tax, Loan Register

5. Payment voucher - Misclassification (The Expenditure for Life State share included in KURDFC Loan Expense)

6. The Expenditure does not match with AFS (Beneficiary Contribution, ICDS, Pro. No. 23/23)

7. CFC -Tied & Untied not reconcile with Bank book

8. KURDFC Loan amount not reconcile with AFS

9. Advance to implementing agencies (kseb) not included in AFS

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്